പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :340 — 27/02/2017-ൽ മറുപടിക്ക്

**മരുന്ന് വിപണനത്തിന് രജിസ്ട്രേഡ് ഫാർമസിസ്റ്റുകൾ വേണമെന്ന നിബന്ധന**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മരുന്ന് വിപണനം രജിസ്ട്രേഡ് ഫാർമസിസ്റ്റുകൾ വഴി മാത്രമേ പാടുള്ളു എന്ന് നിയമം അനുശാസിക്കുന്നുണ്ടോ; | (എ) | ഒരു മരുന്നു വിൽപ്പനശാലയിൽ രജിസ്ട്രേഡ് ഫാർമസിസ്റ്റിന്റെ സേവനം മരുന്നു വിൽപ്പനയുടെ മേൽ നോട്ടത്തിനായി കർശനമാണെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിലെ റൂൾ 65(2) പ്രകാരം നിഷ്കർശിച്ചിരിക്കുന്നു. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് അറുനൂറിലേറെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇരുപത്തിനാലു മണിക്കൂർ പ്രവർത്തിക്കുന്ന നൂറോളം സർക്കാർ ആശുപത്രികളിൽ ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രമേ ഉള്ളു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | 24 മണിക്കൂർ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ആശുപത്രികളിൽ ഒന്നിൽ കൂടുതൽ ഫാർമസിസ്റ്റ് തസ്തികയുണ്ട്. 24 X 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഫാർമസിസ്റ്റിന്റെ ഒരു തസ്തിക ഉള്ളത്. |
| (ഡി) | പത്തൊൻപതിനായിരത്തിലധികം മെഡിക്കൽ സ്റ്റോറുകളിലും മുഴുവൻ സമയഫാർമസിസ്റ്റില്ലാത്ത കാര്യം പരിശോധിക്കുമോ; | (ഡി) | ഏകദേശം 19289 ഔഷധ വ്യാപാര ലൈസൻസുകൾ ഉള്ള സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി തന്നെയാണ് നിയമപ്രകാരം ഔഷധ വിപണനത്തിന് ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പുവരുത്തുന്നത്. മാത്രമല്ല ഔഷധ വിൽപ്പന ലൈസൻസ് നൽകുന്നതിലേക്കായി പ്രവർത്തന സജ്ജമായിട്ടുള്ള സോഫ്റ്റ്വെയറിന്റെ സഹായത്തോടെ ഓരോ സ്ഥാപനങ്ങളിലുമുള്ള ഫാർമസിസ്റ്റിന്റെ സേവന വിശദാംശങ്ങൾ സുതാര്യമായി |

| | | | |
|---|---|---|---|
| | | | നിരീക്ഷിക്കുന്നുണ്ട്. സ്ഥാപന പരിശോധന വേളകളിലോ പരാതികളുടെ അടിസ്ഥാനത്തിലോ രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ സേവനമില്ലാതെയുള്ള മരുന്നു വിൽപ്പന ശ്രദ്ധയിൽപ്പെടുന്നപക്ഷം ലൈസൻസ് സസ്പെൻഷൻ തുടങ്ങിയ നടപടികളും, അനിവാര്യമാണെന്ന് കണ്ടാൽ ചട്ടലംഘനങ്ങൾക്കെതിരെ നിയമനടപടികളും സ്വീകരിച്ചു വരുന്നു. |
| (ഇ) | ഇവിടങ്ങളിലൊക്കെ ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ യോഗ്യതയുള്ളവരാണോ മരുന്നു വിൽപ്പന നടത്തുന്നതെന്ന കാര്യം പരിശോധിക്കുമോ; ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | മരുന്നു വിൽപ്പന ലൈസൻസുകൾ അനുവദിക്കുന്ന സമയത്തുതന്നെ നിയമം അനുശാസിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ (ഫാർമസി ഡിപ്ലോമ, സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ) ഉറപ്പു വരുത്തിയതിനു ശേഷമാണ് ഫാർമസിസ്റ്റുകളെ ലൈസൻസിൽ ചേർക്കുന്നതും അംഗീകരിക്കുന്നതും, ഒരു മരുന്ന് വിൽപ്പനശാലയിൽ രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ സേവനം മരുന്നു വിൽപ്പനയുടെ മേൽ നോട്ടത്തിനായി കർശനമാണെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിലെ റൂൾ 65(2) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥാപന പരിശോധന വേളകളിലോ പരാതികളുടെ അടിസ്ഥാനത്തിലോ രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ സേവനമില്ലാതെയുള്ള മരുന്നു വിൽപ്പന ശ്രദ്ധയിൽപ്പെടുന്നപക്ഷം ഡ്രഗ്സ് ലൈസൻസ് സസ്പെൻഷൻ തുടങ്ങിയ നടപടികളും; അനിവാര്യമാണെന്നു കണ്ടാൽ ചട്ടലംഘനങ്ങൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ